**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മട്ടന്നൂർ നഗരസഭയ്ക്ക് അനുവദിച്ച 5 കോടി രൂപയുടെ പ്രത്യേക വികസന ഫണ്ട് - അടിയന്തിര പ്രാധാന്യമുള്ള 6 പുതിയ പ്രവർത്തികൾ ഉൾപ്പെടുത്തുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്

സ.ഉ. (സാധാ) നമ്പർ 3140/2017/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം : 25/09/2017

പരാമർശം - (1) സ.ഉ.(സാധാ) 1032/2017/തസ്വഭവ തീയതി 31.03.2017.

(2) മട്ടന്നൂർ മുനിസിപ്പൽ കൗൺസിലിന്റെ 04.04.2017 ലെ 1 ഉം, 2 ഉം നമ്പർ തീരുമാനം.

(3) മട്ടന്നൂർ നഗരസഭ ചെയർമാന്റെ 07.04.2017 തീയതിയിലെ ഇ 1-4733/17 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവിലൂടെ മട്ടന്നൂർ നഗരസഭയുടെ പശ്ചാത്തലമേഖയിലെ 21 പ്രവൃത്തികൾക്കായി 5 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത 21 പ്രവൃത്തികളിൽ കുഭംമൂല-കോളാരി റോഡ് എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തിയതുകൊണ്ടും, കാര-കൊട്ടുവളം ഫുഡ്പാത്ത് കിയാൽ പദ്ധതിയിൽപ്പെടുത്തിയതുകൊണ്ടും, പരാമർശം രണ്ടിലെ 2-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ഭരണസമിതി ഒഴിവാക്കുകയും, ഒപ്പം അടിയന്തിര പ്രാധാന്യമുള്ള 6 പുതിയ പ്രവർത്തികൾ കൂട്ടിചേർക്കുകയും ചെയ്തിട്ടുണ്ടെന്നും, പ്രസ്തുത പ്രവർത്തികൾ 5 കോടിക്കകത്ത് ഉൾപ്പെടുത്തിക്കൊണ്ട് നിർവ്വഹിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം 3 ലെ കത്തിലൂടെ മട്ടന്നൂർ നഗരസഭ ചെയർമാൻ ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മട്ടന്നൂർ മുനിസിപ്പാലിറ്റിക്ക് അനുവദിച്ച സ്പെഷ്യൽ ഫണ്ടായ 5 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട്, താഴെപറയുന്ന അടിയന്തിര പ്രാധാന്യമുള്ള പുതിയ 6 വർക്കുകൾ ഏറ്റെടുത്തു നടത്തുന്നതിന് നഗരസഭക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i. വെമ്പടി-നെടിയഞ്ഞിരം റോഡ്

ii. പയ്യാപ്പറമ്പ് പൊറോറ റോഡ് (പാച്ച് വർക്ക്)

iii. മരുതായി-കരിത്തൂർ പറമ്പ് റോഡ് (പാച്ച് വർക്ക്)

iv. മണ്ണൂർ-സ്കൂൾ റോഡ്

v. പുലിയങ്ങോട്-പൊരുവയൽക്കരി റോഡ്

vi. മൃഗാശുപത്രി-കല്ലൂർപാലം റോഡ് (റിപ്പയർ)

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
മിനിമോൾ.ഡി.
ഡെപ്യൂട്ടി സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി മട്ടന്നൂർ നഗരസഭ.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) / (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (എസ്.എഫ്.സി-എ 2/25/2017-ധന)
ഐ&പി.ആർ.(വെബ് & ന്യൂമീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം,
സെക്ഷൻ ഓഫീസർ.